**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3667** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഗോവർദ്ധനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ഗോവർദ്ധനി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പശുക്കിടാക്കൾക്ക് സമ്പൂർണ ആരോഗ്യ സംരക്ഷണം നൽകുക വഴി പ്രായപൂർത്തിയാകുന്ന പ്രായം 15 മാസത്തിൽ താഴെയായി കുറയ്ക്കുകയും അതുവഴി ആദ്യ പ്രസവം 24-26 മാസമായി കുറയ്ക്കുകയാണ് പദ്ധതി ലക്ഷ്യംവെയ്ക്കുന്നത്. ഇതു വഴി രണ്ട് പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുകയും സങ്കരയിനം പശുക്കിടാക്കളുടെ ജനിതക സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി അത്യുത്പാദനശേഷിയുള്ള പുതിയ തലമുറ പശുക്കളെ വളർത്തിയെടുക്കുക വഴി കേരളത്തിലെ പാൽ ഉൽപ്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരികയാണ് ഗോവർദ്ധിനി പദ്ധതിയുടെ ലക്ഷ്യം.<br><br>തിരഞ്ഞെടുക്കപ്പെട്ട ഓരോ കന്നുക്കുട്ടികൾക്കും 12500 രൂപയാണ് പരമാവധി സബ്സിഡിയായി നൽകി വരുന്നത്. 2021-22 സാമ്പത്തിക വർഷം ഗോവർദ്ധിനിയിൽ 21590 കന്നുകുട്ടികളെയാണ് പദ്ധതിയിലേക്ക് വരി ചേർത്തിട്ടുള്ളത്.<br><br>4-6 മാസം പ്രായമുള്ള പശുക്കിടാക്കളെ/ എരുമക്കുട്ടികളെയാണ് മൃഗസംരക്ഷണ വകുപ്പിന്റെ കന്നുക്കുട്ടി ജനന രജിസ്റ്ററിൽ നിന്ന് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ സമീകൃത കാലിത്തീറ്റ നാലാം മാസം 30 കിലോയും അഞ്ചും ആറും മാസം-45 കിലോയും ഏഴാം മാസം മുതൽ 18 മാസം വരെ 60 കി.ഗ്രാമും 19-30 മാസം വരെ 75 കിലോഗ്രാം തീറ്റയും വ്യക്തിഗത സബ്സിഡി പരിധിയിൽ പരിമിതപ്പെടുത്തി നൽകി വരുന്നു. ഈ കന്നുകുട്ടികളെ വരിചേർക്കൽ മുതൽ 32 മാസം പ്രായം വരെ 50% പ്രീമിയം നിരക്കിൽ ഇൻഷുറൻസ് പരിരക്ഷയും |

| | | | |
|---|---|---|---|
| | | | നൽകുന്നു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയ കന്നുകുട്ടി വളർത്തലിൽ പരിശീലനവും നൽകും.<br><br>ഈ കന്നുക്കുട്ടികൾക്ക് വിരമരുന്ന്, ധാതു ലവണ മിശ്രിതം, കാലാകാലങ്ങളിലുള്ള വാക്സിനേഷൻ എന്നിവ ഉറപ്പാക്കുന്നു. ഈ പദ്ധതിയിൽ തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. ഓരോ മൂന്ന് മാസത്തിലൊരിക്കലും പശുക്കുട്ടികളുടെ വളർച്ച നിരീക്ഷിക്കുകയും ആവശ്യമുള്ളവർക്ക് വെറ്ററിനറി സഹായം നൽകുകയും ചെയ്യും. 15-18 മാസം പ്രായമാകുമ്പോൾ പ്രജനന നില വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ